**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായ അഞ്ചുതെങ്ങ്, പുത്തൻതോപ്പ് എന്നീ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളായ അഴൂർ, മംഗലപുരം, പെരുമാതുറ, പുതുകുറിച്ചി, കീഴാറ്റിങ്ങൽ, മുദാക്കൽ എന്നീ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കിഴുവിലം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കനുസരിച്ചും ഇ-ഹെൽത്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ആശുപത്രിക്കും എത്ര തുക അനുവദിച്ചുവെന്നും, തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (ബി) | ഓരോ ആശുപത്രിയുടെയും വലുപ്പം, പ്രവർത്തന സജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ആയതിനാൽ, പദ്ധതിനിർവഹണത്തിനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിയ്ക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും, ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രഥമികാരോഗ്യകേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും, ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കി യിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ